**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ശാന്തകുമാരി കെ.** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമത്തിനായി ക്ഷേമ പരിപാടികളോടൊപ്പം സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കും ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ വിഭാവനം ചെയ്യുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയിലും ഡിജിറ്റൽ ഇക്കോണമിയിലും ഇവർക്ക് അർഹമായ അവസരം ഉറപ്പാക്കുന്നതിന് നൈപുണ്യശേഷിയും കർമ്മശേഷിയും ഉറപ്പ് വരുത്തുന്നതിനുള്ള മാർഗം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. |
| (സി) | ഇവരുടെ സംരംഭകത്വശേഷി വികസനത്തിനുള്ള പദ്ധതികളെ കുറിച്ച് വിശദമാക്കാമോ? | (സി) | പട്ടികവർഗ്ഗ യുവതീയുവാക്കളിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി അവർക്ക് പ്രത്യേക നൈപുണ്യ പരിശീലനം നൽകിയാണ് അവരുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്ന തിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പ്രധാനമായും ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുവാനുള്ള പ്രചോദനമാണ് വകുപ്പ് നൽകി വരുന്നത്. ഗോത്രജീവിക എന്ന പേരിൽ കെട്ടിടനിർമ്മാണ ത്തിൽ പരിശീലനം നേടിയവരെ ഉൾപ്പെടുത്തി ചെറു നിർമ്മാണ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 53 സംഘങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ സംഘങ്ങളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഹോട്ടൽ മാനേജ്മെൻറ് കോഴ്സ് പൂർത്തിയാക്കിയവരെ ചേർത്ത് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിൽ റസ്റ്റോറന്റുകൾ ആരംഭിക്കുന്ന പദ്ധതി പുരോഗമിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. ആട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ പരിശീലനം നേടിയവരെ ചേർത്ത് ഇപ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി പരിഗണന യിലാണ്. |

സെക്ഷൻ ഓഫീസർ